**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3163** **13-07-2022 - ൽ മറുപടിയ്ക്ക്**

**മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതു വിദ്യാഭ്യാസ രംഗത്ത് ഡി.പി.ഇ.പി. പരിഷ്കാരങ്ങൾക്കുശേഷം മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കുട്ടികളിൽ കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **പൊതു വിദ്യാഭ്യാസ രംഗത്ത് ഡി.പി.ഇ.പി. പരിഷ്കാരങ്ങൾക്കു ശേഷം മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കുട്ടികളിൽ കുറഞ്ഞു വരുന്നുണ്ടോ എന്ന വിഷയത്തിൽ പ്രത്യേക പഠനം നടത്തുകയോ അങ്ങനെയൊരു നിഗമനത്തിൽ എത്തിച്ചേരുകയോ ചെയ്തിട്ടില്ല.** |
| (ബി) | ഇക്കാര്യത്തിൽ സാംസ്കാരിക നായകൻമാരുടെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ബി) | ഇക്കാര്യത്തിൽ സാംസ്കാരിക നായകന്മാരുടെ നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (സി) | സ്കൂൾ പാഠപുസ്തകത്തിൽ അക്ഷരമാല പുന:സ്ഥാപിക്കുന്നതിനും അക്ഷര ബോധനം പുന:രാരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഈ അദ്ധ്യയന വർഷം മുതൽ മലയാളം പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഒന്നാം സ്റ്റാൻഡേർഡിലെ മലയാളം പാഠപുസ്തകത്തിന്റെ 3-ാം ഭാഗത്തിലെ (3/3) അവസാന പേജിലും രണ്ടാം സ്റ്റാൻഡേർഡിലെ 2-ാം ഭാഗത്തിലെ (2/2) അവസാനപേജിലും അക്ഷരമാല നൽകുന്നതാണ്. ഭാഷാവിദഗ്ധസമിതി സർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിലുള്ള പുതിയ അക്ഷരമാലയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ